**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1026** — 25/01/2018-ൽ മറുപടിയ്ക്ക്

**നോക്കുകൂലി സമ്പ്രദായം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്. | ശ്രീ. റ്റി.പി. രാമകൃഷ്ണൻ (തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും നോക്കുകൂലി സമ്പ്രദായം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പരാതി ലഭിക്കുന്ന കേസുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുകയും പ്രശ്നപരിഹാരം കാണുകയും ചെയ്യുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകൂലി ആവശ്യപ്പെട്ട എന്ന കാരണത്താൽ ഏതെങ്കിലും മരാമത്തു പ്രവൃത്തികളെ പ്രതികൂലമായി ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകൂലി ആവശ്യപ്പെട്ട എന്ന കാരണത്താൽ മരാമത്ത് പ്രവൃത്തികളെ പ്രതികൂലമായി ബാധിച്ചതായി കാണിച്ച് ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ 3 പരാതികൾ ലഭ്യമായിട്ടുള്ളതും ആയത് പരിഹൃതമായിട്ടുള്ളതുമാണ്.<br>1) പാലത്ര കൺസ്ട്രക്ഷൻസ് കമ്പനി ഏറ്റെടുത്ത് നടത്തിയിരുന്ന സക്കറിയാ ബസ്സാറിലെ റോഡ് പണിയുമായി ബന്ധപ്പെട്ട് ഗ്രാനൈറ്റ് ഇറക്കുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടതായി പരാതി ലഭിക്കുകയും ആയത് സംബന്ധിച്ച് തർക്കം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>2) ബിഗോറ ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് ഡെവലപ്പ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ഏറ്റെടുത്ത് നടത്തിയിരുന്ന ആലപ്പുഴ – ചേർത്തല കനാലിന്റെ തീരത്ത് റോഡിന്റെയും റോഡ് സംരക്ഷണ ഭിത്തിയുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുകയും ആയത് സംബന്ധിച്ച് തർക്കം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>3) ആലപ്പുഴ കളർകോട് ദേശീയപാതയുടെ നവീകരണവുമായി ബന്ധപ്പെട്ട് നിർമ്മാണ സാമഗ്രികൾ നിർമ്മാണ സ്ഥലത്ത് |

ഇറക്കുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടതായി പരാതി ലഭിക്കുകയും ആയത് സംബന്ധിച്ച് തർക്കം പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| (സി) | നോക്കുകൂലി സമ്പ്രദായം തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കു കൂലി സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർത്തലാക്കുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളെ നോക്കു കൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഇതു സംബന്ധിച്ച് ധാരണയായിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. കൂടാതെ, ജില്ലകളിലെ പ്രധാന കവലകളിൽ റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് കയറ്റിറക്ക് കൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നിരക്ക് പ്രകാരം ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ കോൾസെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പരാതി ലഭിച്ച കേസുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ